പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 1447 | 13.07.2016 ൽ മറുപടി<br>നല്കേണ്ടത്. |

## കോഴിക്കോട് റീജിയണൽ പബ്ലിക് ഹെൽത്ത് ലാബിന് പുതിയ കെട്ടിടം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എ. പ്രദീപ്കുമാർ** | | ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | കോഴിക്കോട് റീജിയണൽ പബ്ലിക് ഹെൽത്ത് ലാബിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ? | എ) | കോഴിക്കോട് റീജിയണൽ പബ്ലിക് ഹെൽത്ത് ലാബിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 2013-14 ലെ പദ്ധതിവിഹിതത്തിൽ നിന്നും 3 കോടി രൂപ ചീഫ് എഞ്ചിനിയറുടെ 4210 ഹെഡ് ഓഫ് അക്കൗണ്ടിൽ അടച്ചിട്ടുണ്ട്. കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്തെ മണ്ണ് പരിശോധിച്ചതിൽ പൈലിങ് നടത്താതെ നിർദ്ദിഷ്ട കെട്ടിടം പണി പൂർത്തിയാക്കാൻ കഴിയില്ലെന്നും പ്രസ്തുത കെട്ടിടംപണി പൂർത്തീകരിക്കാൻ 4.5 കോടി ആവശ്യമുണ്ടെന്നും 3 കോടി രൂപയ്ക്ക് ഗ്രൗണ്ട് ഫ്ളോർ മാത്രമേ പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ എന്നും ആയതിനാൽ കെട്ടിടം പൂർണ്ണമായി നിർമ്മിക്കുന്നതിന് ഒന്നരക്കോടി രൂപ അധികമായി വേണ്ടിവരുമെന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ അറിയിച്ചതിനാൽ അതുപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ